



# സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ
# 2025-2026

## A N M M U P സ്കൂൾ തിച്ചൂർ തളി


പോസ്റ്റ് തളി
തൃശ്ശൂർ. - 680585
Email: anmmupsthali@gmail.com

## ആമുഖം

ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ് എ.എൻ.എം.എം.യു.പി.എസ് തിച്ചൂർ,തളി.തൃശൂർ ജില്ലയിൽ വരവൂർ പഞ്ചായത്തിലെ തളിയിൽ മൂന്നാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഒരു എയ്ഡഡ് വിദ്യാലയമാണിത്. പ്രകൃതി രമണീയവും ഫലഭൂയിഷ്ഠവുമായ ഈ പ്രദേശം ജലസമ്പന്നവുമാണ്. അരകുളവും ഒലിച്ചി വെള്ളച്ചാട്ടവും ഈ ജലസമൃദ്ധിക്ക് ആക്കം കൂട്ടുന്നു. വളരെ സാധാരണക്കാരായ ജനങ്ങളാണ് ഇവിടത്തെ നിവാസികൾ. മുൻപ് മിക്ക ആളുകളും കർഷകരായിരുന്നു. എന്നാൽ ഇന്ന് ഗൾഫ് പ്രവാസികളും വ്യാപാരവും നാടിന്റെ സാമ്പത്തിക സാമൂഹിക അവസ്ഥകളിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്ത സാധാരണക്കാരുടെ മക്കളാണ് ഞങ്ങളുടെ കുട്ടികൾ.

## ചരിത്രം

ഏഴിക്കര നാരായണൻ മൂസ്സദ് മെമ്മോറിയൽ അപ്പർ പ്രൈമറി സ്കൂൾ തിച്ചൂർ വില്ലേജിൽ വരവൂർ പഞ്ചായത്തിൽ തളി ദേശത്ത് മൂന്നാംവാർഡിൽ 1935 ജൂൺ 7 നു സ്ഥാപിതമായി. A.ശങ്കരൻ മൂസദ് ആണ് സ്കൂൾ സ്ഥാപകൻ.108 വിദ്യാർഥികൾ ആദ്യ വർഷം പ്രവേശനം നേടി.1953ൽ അഞ്ചാം തരവും 1968ൽ ആറാം തരവും ആരംഭിച്ചു. 2019-2020 അക്കാദമിക വർഷമാണ് ഇംഗ്ലീഷ്മീഡിയം ക്ലാസ്സുകൾ തുടങ്ങിയത്.

### വിദ്യാഭ്യാസ ഭരണസംവിധാനം

| | |
|---|---|
| റവന്യൂ ജില്ല: | തൃശ്ശൂർ |
| വിദ്യാഭ്യാസ ജില്ല: | ചാവക്കാട് |
| ഉപജില്ല : | വടക്കാഞ്ചേരി |
| മാദ്ധ്യമം: | മലയാളം, ഇംഗ്ലീഷ് |

### സ്ഥിതിവിവരക്കണക്ക്

| | |
|---|---|
| ആൺകുട്ടികളുടെ എണ്ണം : | 141 |
| പെൺകുട്ടികളുടെ എണ്ണം: | 165 |
| ആകെ വിദ്യാർത്ഥികളുടെ എണ്ണം : | 306 |
| അദ്ധ്യാപകരുടെ എണ്ണം : | 17 |
| പ്രധാന അദ്ധ്യാപിക: | പത്മജ P |
| പി.ടി.എ. പ്രസിഡണ്ട് | മുഹമ്മദ് ജഷീദ് PM |
| എം പി ടി എ പ്രസിഡന്റ് : | രാജേശ്വരി |

**സ്കൂൾ സ്റ്റാഫ് :**

| ക്രമ നമ്പർ | പേര് | ചുമതല |
|---|---|---|
| 1 | P പത്മജ | ഹെഡ്മിസ്ട്രസ് |
| 2 | അബ്ദുൽഗഫൂർ K I | SRG കൺവീനർ,സ്പോർട്സ്ക്ലബ് |
| 3 | A നീലകണ്ഠൻ | സ്റ്റാഫ് സെക്രട്ടറി,ഹിന്ദിക്ലബ് |
| 4 | സാജിദഉമ്മർ വെള്ളാടത്ത് | PSITC,സയൻസ്ക്ലബ് |
| 5 | ജിജി ജോസ് V | |
| 6 | ഷീജ UP | |
| 7 | PP ബിന്ദു | ഗണിതക്ലബ്, ഉച്ചഭക്ഷണം |
| 8 | M പ്രീത | വിദ്യാരംഗം,മലയാളംക്ലബ് |
| 9 | ശാരദ K | |
| 10 | സുനിത A | ഗാന്ധിദർശൻ,സാമൂഹ്യശാസ്ത്രക്ലബ് |
| 11 | PV ശ്രീദേവി | ഇംഗ്ലീഷ്ക്ലബ് |
| 12 | സീമ PV | |
| 13 | സിന്ധു AS | |
| 14 | അഞ്ജലി EK | |
| 15 | ഡിനു റോയ് | ആരോഗ്യക്ലബ് |
| 16 | KS സാജിദ | അറബിക്ക്ലബ് |
| 17 | ഡെന്നി B F | |
| 18 | ഗായത്രി നാരായണൻ A | ഓഫീസ് അറ്റന്റന്റ് |

**ലക്ഷ്യം**

വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവും വൈജ്ഞാനികവും ആരോഗ്യപരവുമായ വികാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളും പരിപാടികളും ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും അതുവഴി സമൂഹത്തെ ചിന്താശക്തിയും സാമൂഹികാവബോധവുമുള്ള ഉൽബുദ്ധരായ ഒരു സമൂഹമാക്കി മാറ്റാനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്യുക.

**പ്രവർത്തനങ്ങൾ**

പ്രവർത്തന പദ്ധതികൾ വിഷയാധിഷ്ഠിതമായും പൊതുവായും തയ്യാറാക്കി അദ്ധ്യാപകർക്ക് ഉത്തരവാദിത്വമേല്പ്പിച്ച് ഹെഡ്മിസ്ട്രെസ്സിന്റെ നേതൃത്വത്തിൽ സമയബന്ധിതമായി പൂർത്തികരിക്കാൻ ശ്രമിക്കുന്നു. പൊതുവായ വാർഷികപദ്ധതിയിൽ നിന്നുംപ്രത്യേക കാലയളവിലേക്കുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

- ❖ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തൽ.
- ❖ Monthly Test കൾ കൃത്യമായി എല്ലാ മാസവും നടത്തുക.
- ❖ ടേം പരീക്ഷകൾ നടത്തുക.
- ❖ Scheme of Work അനുസരിച്ച് പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തികരിക്കുക.
- ❖ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടവ സയൻസ് ലാബും കമ്പൂട്ടർ ലാബും പരമാവധി പ്രയോജനപ്പെടുത്തി പൂർത്തികരിക്കുക.
- ❖ ശാസ്ത്ര അസംബ്ലി, ഇംഗ്ലീഷ് അസംബ്ലി, അറബിക് അസംബ്ലി എന്നിവ ആഴ്ചയിലൊരിക്കൽ സംഘടിപ്പിക്കുക.
- ❖ പഠനയാത്രകളും ഫീൽഡ്ട്രിപ്പുകളും സംഘടിപ്പിക്കുക.
- ❖ ഗാന്ധിവചനങ്ങളുടെ പ്രദർശനവും ബോധവൽക്കരണവും.
- ❖ വിദ്യാർത്ഥികളിൽ ജനാധിപത്യബോധവും നേതൃഗുണങ്ങളും വളർത്തുന്നതിനും പൗരബോധം രൂപപ്പെടുത്തുകയും ചെയ്യുന്നതിന് സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പ് നടത്തുക.
- ❖ വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ പ്രത്യേക പ്രവർത്തനങ്ങളും ദിനാചരണപ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കൽ.
- ❖ ഇംഗ്ലീഷ് ഭാഷയിൽ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് മാസത്തിലൊരിക്കൽ English Fest സംഘടിപ്പിക്കൽ.
- ❖ കുട്ടികളിൽ വായന വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ-ലൈബ്രറി,അമ്മ വായന,അസംബ്ലിയിലെ വാർത്താവായന.
- ❖ പഠനോൽസവം സംഘടിപ്പിക്കൽ.
- ❖ കുട്ടികളുടെ സർഗ്ഗാത്മകകഴിവുകളെ വളർത്തൽ -ചിത്രരചന,സംഗീതം,കരകൗശലവസ്തുക്കളുടെ നിർമ്മാണം.
- ❖ ***പ്ലാസ്റ്റിക് വർജ്ജനത്തിന്*** പ്രത്യേകമായ ഊന്നൽ നൽകിക്കൊണ്ട് ഒരു വർഷത്തേക്കുള്ള ആക്ഷൻപ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തുക.

**പ്ലാസ്റ്റിക് വർജ്ജനം -ആക്ഷൻപ്ലാൻ 2025-2026**

പ്രകൃതിക്ക് വൻ ഭീഷണിയായികൊണ്ടിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജനം ചെയ്യുന്നതിനും കുറയ്ക്കുന്നതിനും വേണ്ടി ഒരു വർഷം നീണ്ടുനിൽക്കുന്ന കർമ്മപദ്ധതിയാണ് ഞങ്ങൾ ഈ അധ്യയന വർഷം ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**ലക്ഷ്യം:**

- ★ വിദ്യാലയത്തെ പ്ലാസ്റ്റിക്‌വിമുക്തമാക്കൽ
- ★ പ്ലാസ്റ്റിക് മാലിന്യങ്ങൾ മൂലമുണ്ടാകുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെക്കുറിച്ച് കുട്ടികളെയും പൊതു സമൂഹത്തെയും ബോധവത്ക്കരിക്കൽ.
- ★ പ്ലാസ്റ്റിക് വിമുക്ത ഉൽപ്പന്നങ്ങളുടെ പ്രചരണം.
- ★ പ്രദേശത്തെ പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുകയും പ്ലാസ്റ്റിക് വിമുക്ത ഗ്രാമമാക്കി മാറ്റാൻ പരിശ്രമിക്കുകയും ചെയ്യൽ.

**പദ്ധതിയുടെ വിവിധ പ്രവർത്തനഘട്ടങ്ങളും പൂർത്തികരിക്കുന്നതിനു വേണ്ട കാലയളവും താഴെ കൊടുക്കുന്നു.**

| | |
|---|---|
| ➢ കുട്ടികളെ ഗ്രൂപ്പ് തിരിച്ച് എന്തെല്ലാം മാലിന്യങ്ങൾ പുറം തള്ളുന്നു എന്ന് സർവ്വേ നടത്തി പട്ടികപ്പെടുത്തുന്നു. | ജൂൺ |
| ➢ ബോധവൽക്കരണക്ലാസ്,പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ ഭക്ഷ്യവസ്തുക്കളുടെ നിരോധനം, കടലാസ് പേന, കടലാസ് സഞ്ചി എന്നിവയുടെ നിർമ്മാണശില്പശാല . | ജൂലൈ |
| ➢ പോസ്റ്റർ നിർമ്മാണം, പ്രദർശനം, സ്റ്റീൽ വാട്ടർബോട്ടിൽ ഉപയോഗിക്കാനുള്ള നിർദ്ദേശം നൽകൽ, ലഘുലേഖ വിതരണം. | ആഗസ്റ്റ് |
| ➢ പ്ലാസ്റ്റിക് നിർമ്മാർജനം - ക്ലാസ് തല അവലോകന റിപ്പോർട്ട് ശേഖരണം, അവതരണം, ക്രോഡീകരണം. | സെപ്തംബർ |
| ➢ വീണ്ടും പ്ലാസ്റ്റിക് ഉപയോഗിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളെ കണ്ടെത്തി ബോധവത്ക്കരണം നടത്തൽ. | ഒക്ടോബർ |
| ➢ പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമായ ക്ലാസ്സിന് ശിശുദിനത്തിൽ അനുമോദനവും സമ്മാനം നൽകലും. | നവംബർ |
| ➢ ക്രിസ്തുമസ് അവധിക്ക് അയൽപക്കത്തെ പത്തു കുട്ടികൾക്കും മുതിർന്നവർക്കും കടലാസ് പേന, കടലാസ് സഞ്ചി എന്നിവ നിർമ്മിക്കാനുള്ള പരിശീലനം കുട്ടികളുടെ നേതൃത്വത്തിൽ നൽകുന്നു. | ഡിസംബർ |
| ➢ പുതുവർഷ പ്രതിജ്ഞ (പ്ലാസ്റ്റിക് നിരോധ പ്രതിജ്ഞ) | ജനുവരി |
| ➢ സമീപ പ്രദേശത്തെ കടകളിൽ കടലാസ് സഞ്ചി, കടലാസ് പേന എന്നിവ വിതരണം ചെയ്യുന്നു. | ഫെബ്രുവരി |
| ➢ ആവശ്യക്കാരെ കണ്ടെത്തി ഓർഡർ സ്വീകരിക്കുന്നു. | |
| ➢ മികച്ച പ്രവർത്തടീമിനെ കണ്ടെത്തി സ്കൂൾ വാർഷികത്തിൽ അനുമോദിക്കുന്നു, സമ്മാനം നൽകുന്നു. | മാർച്ച് |